വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പരിഗണിച്ച് ജല വൈദ്യുതിയുടെ ഉൽപ്പാദനം മുൻകരുതലോടെ നിയന്ത്രിച്ച് വരികയാണ്. 2004-ലെ കാലവർഷവും താമസിച്ചു വന്നാലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി 31-5-2004-ൽ 400 മില്ല്യൻ യൂണിറ്റ് ഉൽപ്പാദനത്തിനുവേണ്ടത്ര ജലം കരുതലായി നിലനിർത്തുന്ന വിധവും 31-5-2004 വരെ പ്രതിദിനം ശരാശരി 11 മില്ല്യൻ യൂണിറ്റ് ഉൽപ്പാദിപ്പിക്കത്തക്കവിധവും, ആണ് ഉൽപ്പാദനം ക്രമീകരിക്കുന്നത്. വൈദ്യുതിയുടെ വില കുറവായ അവസരങ്ങളിൽ കൂടുതൽ വൈദ്യുതി സെൻട്രൽ പൂളിൽനിന്നു ലഭ്യമാക്കിയും വിലകൂടുന്ന സമയത്ത് ഇപ്രകാരമുള്ള ഇറക്കുമതി കുറച്ച് ജലവൈദ്യുതി ഉൽപ്പാദനം കൂട്ടി ആവശ്യം നിറവേറ്റാനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പവർട്രേഡിംഗ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി ന്യായമായ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള ശ്രമങ്ങളും തുടർന്നു വരുന്നുണ്ട്. പ്രസരണ വിതരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുവാനും തദ്വാരാ വിൽപ്പനയ്ക്ക് കൂടുതൽ വൈദ്യുതി ലഭ്യമാക്കാനും വേണ്ട പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. തുടങ്ങിവെച്ച ജലവൈദ്യുത പദ്ധതികൾ താമസംവിനാ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 മെഗാവാട്ട്), കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി (100 മെഗാവാട്ട്), ശബരിഗിരി റിനോവേഷൻ, നേര്യമംഗലം റിനോവേഷൻ എന്നീ പദ്ധതികളുടെ പണികളും ആരംഭിച്ചിട്ടുണ്ട്. 60 MW ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ആതിരപ്പള്ളി, മാങ്കുളം, തോട്ടിയാർ എന്നീ പദ്ധതികൾക്കുള്ള കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള നടപടികളും ധൃതഗതിയിൽ പുരോഗമിക്കുകയാണ്. കൂടംകുളം, താൽച്ചർ, നെയ്വേലി എന്നീ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദ്രവീകൃത പ്രകൃതി വാതകം ഉപയോഗിച്ച് കായംകുളം താപനിലയത്തിൽനിന്ന് ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി എൻ. ടി. പി. സി.-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ നിലയത്തിൽനിന്ന് മൊത്തം 820 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള മുൻകരുതലും എടുത്തിട്ടുണ്ട്. പുറമേനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മധുര-തിരുവനന്തപുരം 400 കെ. വി. ലൈനിന്റെ പണി പൂർത്തീകരിച്ചുവരുന്നു. മൈസൂർ-കോഴിക്കോട് 400 കെ. വി. ലൈനിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

(ബി) ഇല്ല.

തീരക്കടലിലെ സീവീഡ്

*7 [187] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ ജോർജ് ജെ. മാത്യു:
„ ടി. എൻ. പ്രതാപൻ:
„ സി. പി. മുഹമ്മദ്:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീവീഡ് കൃഷി ചെയ്യുന്നുണ്ടോ;

(ബി) വ്യാവസായികമായും ഭക്ഷ്യ വസ്തു എന്ന നിലയിലും ഉപയോഗിക്കാവുന്ന സീവീഡ് സംസ്ഥാന തീരക്കടലിൽ ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള കൃഷിയെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം വിധത്തിലുള്ള സീവീഡുകൾ സംസ്ഥാനത്ത് ആദായകരമായി തീരക്കടലിൽ കൃഷിചെയ്യുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ലഭ്യമാണ്.

(സി) പരിഗണിച്ചിട്ടില്ല.

(ഡി) ബ്ലൂഗ്രീൻ ആൾഗെ, റെഡ് ആൾഗെ, ബ്രൗൺ ആൾഗെ എന്നീ ഗ്രൂപ്പിൽപ്പെട്ട സീവീഡുകളാണ് സംസ്ഥാനത്ത് കൃഷി ചെയ്യുവാൻ കഴിയുന്നത്.

ഭൂഗർഭ ജലചൂഷണം

*8 [198] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയാനും അപ്രകാരം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ;

(ബി) ഭൂഗർഭജലം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത് സംബന്ധിച്ച് എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) ഇത്തരം കേസുകളിൽ തക്ക സമയത്ത് ഇടപെടാൻ ഭൂഗർഭജല വകുപ്പിന് കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) ഭൂഗർഭജല ചൂഷണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ഇ) ജലചൂഷണം സംബന്ധിച്ച് ഏറ്റവും ഒടുവിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഭൂഗർഭ ജലവിനിയോഗം നിയന്ത്രിക്കുന്നതിന് ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 16-12-2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ കൈക്കൊള്ളാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly